വിദ്യാഭ്യാസ അവകാശം

സർവ ശിക്ഷാ അഭിയാൻ


സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കാര്യാലയം

**സമഗ്ര ശിക്ഷാ (എസ്.എസ്.കെ.), കേരളം**

എസ്.എസ്.എ.ഭവൻ, നന്ദാവനം, തിരുവനന്തപുരം - 695 033

ഫോൺ : 0471 2320826, 2320352. ഫാക്സ് : 2320703.

ഇ-മെയിൽ : ssakerala@gmail.com.


---

നം. പി.1/1605/2019/എസ്.എസ്.കെ തീയതി- 23/5/2019

## സർക്കുലർ

വിഷയം:-എസ്.എസ്.കെ. കേരളം- പ്രവേശനോത്സവം- സംബന്ധിച്ച്.

സൂചന:- ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെഓഫീസിൽ നിന്നുള്ള നിർദ്ദേശം.

2019-20 അദ്ധ്യയന വർഷത്തെ സംസ്ഥാന സ്കൂൾപ്രവേശനോത്സവം തൃശൂർ ജില്ലയിലെ ഗവ. എച്ച്.എസ്.എസ്, ചെമ്പൂച്ചിറയിൽ വച്ച് 2019 ജൂൺ 3 ന് ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയാണ്.

പ്രവേശനോത്സവവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. സംസ്ഥാനതല ഉദ്ഘാടനത്തോടൊപ്പം സംസ്ഥാനത്തിലെ മുഴുവൻ പൊതുവിദ്യാലയങ്ങളിലും പ്രവേശനോത്സവം നടത്തേണ്ടതാണ്.
2. ജില്ലാതല ഉദ്ഘാടന കേന്ദ്രമായി ഒന്നു മുതൽ 12 -ാം ക്ലാസുവരെയുള്ള സ്കൂളുകളെ തെരഞ്ഞെടുക്കേണ്ടതാണ്. ആയതിലേക്ക് സ്വാഗതസംഘം രൂപീകരണയോഗം വിളിച്ചുചേർക്കേണ്ടതും ഉദ്ഘാടനത്തിന് മന്ത്രിമാർ, ജനപ്രതിനിധികൾ, കലാ സാംസ്കാരിക വിദ്യാഭ്യാസ പ്രവർത്തകർ എന്നിവരെ പങ്കെടുപ്പിക്കേണ്ടതുമാണ്. ജില്ലാതല ഉദ്ഘാടനം തൃശൂരിൽ ജില്ലയിൽ നടത്തേണ്ടതില്ല.
3. ബ്ലോക്ക്, പഞ്ചായത്ത് തലത്തിൽ ഉദ്ഘാടനത്തിന് ഓരോ സ്കൂളുകൾ തെരഞ്ഞെടുക്കേണ്ടതും സ്വാഗത സംഘ യോഗങ്ങൾ വിളിച്ചു ചേർക്കേണ്ടതും തെരഞ്ഞെടുത്ത സ്കൂളുകളുടെ വിവരങ്ങൾ സംസ്ഥാന ഓഫീസിൽ മെയ് 26 നു മുമ്പ് അറിയിക്കേണ്ടതുമാണ്.
4. ജില്ല/ബ്ലോക്ക്/പഞ്ചായത്ത് തല ഉദ്ഘാടനവുമായി ബന്ധപ്പെട്ട വിവരങ്ങൾ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കേണ്ടതും ഉദ്ഘാടനവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ഡോക്യുമെന്റ് ചെയ്ത് സംസ്ഥാന ഓഫീസിൽ അയയ്ക്കേണ്ടതുമാണ്.
5. 'അക്കാദമിക മികവ്; വിദ്യാലയ മികവ്' എന്ന ഈ വർഷത്തെ കേന്ദ്ര മുദ്രാ വാക്യം പ്രചരിപ്പിക്കേണ്ടതാണ്.
6. ഉദ്ഘാടന വേളയിൽ വിദ്യാഭ്യാസ മന്ത്രിയുടെ സന്ദേശം വായിക്കാനോ/ കേൾപ്പിക്കാനോ, പ്രവേശനോത്സവ ഗാനം കേൾപ്പിക്കാനോ ഉള്ള സാങ്കേതിക ക്രമീകരണം ചെയ്യേണ്ടതാണ്.
7. സമഗ്ര ശിക്ഷാ, കേരളയുടെ കീഴിലുള്ള മുഴുവൻ പ്രവർത്തകരുടെയും പി.ടി.എ., എസ്.എം.ഡി.സി., എസ്.എം.സി. എന്നിവരുടെയും സേവനം പ്രയോജനപ്പെടുത്തി പ്രചരണ പോസ്റ്ററുകൾ/ബാനറുകൾ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് സ്ഥലങ്ങളിലും പ്രധാനപ്പെട്ട സർക്കാർ ഓഫീസുകളിലും പതിക്കേണ്ടതാണ്.
8. ഗ്രീൻ പ്രോട്ടോക്കോൾ നിർബന്ധമായും പാലിക്കേണ്ടതാണ്.
9. ഡി.പി.ഒ., ബി.പി.ഒ. മാരുടെ യോഗം വിളിച്ചുചേർക്കേണ്ടതും, ബി.ആർ.സി. ട്രെയിനർമാർ, സി.ആർ.സി. കോ-ഓർഡിനേറ്റർമാർ എന്നിവർക്ക് ഡ്യൂട്ടി നിർണയിച്ച് നൽകേണ്ടതുമാണ്.
10. സ്റ്റേറ്റ് ഓഫീസിൽ നിന്നും ഡിസൈൻ ചെയ്ത് നൽകിയ ബാനർ (6 x 3 feet size പ്രകൃതി സൗഹൃദ മെറ്റീരിയൽ ഉപയോഗിച്ച്) ജില്ലകളിൽ ആവശ്യമായ എണ്ണം തയ്യാറാക്കി വിതരണം ചെയ്യേണ്ടതാണ്.(ബാനറിന് പി.വി.സി മുക്തമായ പോളിഎത്തലിൻ നിർമ്മിത വസ്തുക്കൾ, കോട്ടൺ തുണി, പേപ്പർ എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്)

11. നവാഗതരെ സ്വീകരിക്കാൻ സമൂഹ പങ്കാളിത്തത്തോടെ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.
12. ഉദ്ഘാടന വേളയിൽ 'വിദ്യാലയ മികവുകൾ' പ്രദർശിപ്പിക്കേണ്ടതാണ്.
13. ജില്ല/ബ്ലോക്ക്/ പഞ്ചായത്ത് തല ഉദ്ഘാടനവുമായി ബന്ധപ്പെട്ട സാമ്പത്തിക വിനിയോഗ രേഖകൾ ജില്ലാഓഫീസുകളിൽ സൂക്ഷിക്കേണ്ടതും സ്റ്റേറ്റ് ഓഫീസിൽ അറിയിക്കേണ്ടതുമാണ്. പ്രോഗ്രാം കഴിഞ്ഞ് ഡോക്യുമെന്റേഷൻ നൽകിയതിന് ശേഷം സാമ്പത്തികവിനിയോഗം ക്രമീകരിക്കേണ്ടതാണ്.
14. ദീർഘനേരമുള്ള പ്രസംഗങ്ങൾക്ക് പകരം കുട്ടികളുമായി സംവദിക്കുന്ന അവതരണങ്ങൾക്ക് പ്രാധാന്യം നൽകേണ്ടതാണ്.
15. ജില്ലാതല പ്രവേശനോത്സവം നടത്തുന്ന വിദ്യാലയങ്ങളിൽ ജില്ലാതല മികവുകളുടെ പ്രദർശനം ഒരുക്കേണ്ടതാണ്.
16. ജനപ്രതിനിധികൾ, അദ്ധ്യാപക സംഘടനകൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
17. ജില്ലാതല പ്രവേശനോത്സവത്തിന്റെ സ്ഥലം, പരിപാടികൾ എന്നിവ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഡി.ഡി.ഇ., ഡയറ്റ് പ്രിൻപ്പാൾ, ആർ.ഡി.ഡി.മാർ എന്നിവരുമായി ആലോചിച്ച് തീരുമാനിക്കേണ്ടതാണ്. ഉപജില്ലകളിൽ ഡി.ഇ.ഒ/എ.ഇ.ഒ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾ എന്നിവരുമായി ആലോചിച്ച് പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.
18. പ്രവേശനോത്സവത്തിന്റെ മുന്നോടിയായി സ്കൂൾ പി.ടി.എ./എസ്.എം.സി/എസ്.എം.ഡി.സി/ എം.പി.ടി.എ എന്നിവ കൂടേണ്ടതാണ്.
19. ഉദ്ഘാടനത്തിന്റെ ഭാഗമായി അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ വിശദീകരിക്കേണ്ടതാണ്.
20. വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രാധാന്യം ഉദ്ഘാടന സെഷനുകളിൽ അവതരിപ്പിക്കേണ്ടതാണ്.
21. കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഘോഷയാത്രകൾ ഒഴിവാക്കേണ്ടതാണ്.
22. ഉദ്ഘാടന യോഗങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.
23. ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള വിദ്യാലയങ്ങളിൽ മുഴുവൻ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പു വരുത്തി ഒറ്റ ചടങ്ങായി പ്രവേശനോത്സവം സംഘടിപ്പിക്കേണ്ടതാണ്.

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്കുവേണ്ടി

എല്ലാ ജില്ലാപ്രോജക്ട് ഓഫീസർമാർക്കും